# ലുത്തിനിയാ പ്രാർത്ഥനകൾ

**1. വ്യാജപ്രവാചകരിൽ നിന്നും സംരക്ഷണത്തിനായുള്ള പ്രാർത്ഥന**

വാത്സല്യനിധിയായ ഈശോയേ,
വ്യാജപ്രവാചകരുടെ വഞ്ചനയിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ.
ഈശോയേ, ഞങ്ങളുടെമേൽ കരുണയായിരിക്കേണമേ.
ഈശോയേ, ഞങ്ങളെ പീഢനങ്ങളിൽ നന്നും രക്ഷിക്കേണമേ.
ഈശോയേ, അന്തിക്രിസ്തുവിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ.
കർത്താവേ, കരുണയായിരിക്കേണമേ.
ക്രിസ്തുവേ കരുണയായിരിക്കേണമേ.
പ്രിയമുള്ള ഈശോയേ, അങ്ങയുടെ വിലയേറിയ തിരുരക്തത്താൽ ഞങ്ങളെ കഴുകേണമേ.
പ്രിയ യേശുവേ, വ്യാജപ്രവാചകരുടെ വ്യാജം കാണുവാൻ
ഞങ്ങളുടെ നയനങ്ങളെ തുറക്കേണമേ. പ്രീയ ഈശോയേ,
അങ്ങയുടെ സഭയെ ഒന്നിപ്പിക്കേണമേ. ഈശോയേ,
ഞങ്ങളുടെ കൂദാശകളെ സംരക്ഷിക്കേണമേ.
ഈശോയേ, അങ്ങയുടെ തിരുസ്സഭയെ വിഭജിക്കുവാൻ
വ്യാജപ്രവാചകരെ അനുവദിക്കരുതേ.
പ്രിയ ഈശോയേ, വ്യാജം സത്യമായി അവതരിപ്പിക്കുന്നവരെ
നിരസിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.
ഈശോയേ, ഞങ്ങൾക്ക് ശക്തി തരേണമേ.
ഈശോയേ, ഞങ്ങൾക്ക് പ്രത്യാശ തരേണമേ.
ഈശോയേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങളിലേയ്ക്ക് ഒഴുക്കേണമേ, ദുഷ്ടപിശാചിൽ നിന്നും ഞങ്ങളെ സംരക്ഷിക്കേണമേ.
ഈശോയേ, അങ്ങയുടെ സത്യസഭയുടെ വഴിയിലൂടെ
എല്ലായ്പ്പോഴും ചരിക്കുവാൻ
വിവേചനവരം ഞങ്ങൾക്ക് നൽകേണമേ.
എന്നേയ്ക്കും ആമ്മേൻ.

**3. കളങ്കരഹിതരായിരിക്കുവാനുള്ള കൃപക്കുവേണ്ടിയുള്ള പ്രാർത്ഥന.**

ഓ അത്യുന്നതനായ സ്വർഗ്ഗീയ പിതാവേ,
ഞാൻ അങ്ങയെ സ്നേഹിക്കുന്നു.
അങ്ങയെ ഞാൻ ബഹുമാനിക്കുന്നു.
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കേണമേ.
ഞാൻ അങ്ങയെ ആരാധിക്കുന്നു.
അങ്ങയെ ഞാൻ സ്തുതിക്കുന്നു.
അങ്ങ് നൽകിയ പ്രത്യേക കൃപാവരങ്ങൾക്ക് ഞാൻ നന്ദി പറയുന്നു.
എന്റെ പ്രിയപ്പെട്ടവരെല്ലാവരും *(ആത്മരക്ഷയ്ക്കായി പ്രാർത്ഥിക്കേണ്ടവരുടെ പേരുകൾ പറയുക)*
കളങ്കരഹിതരായിരിക്കുവാൻ വേണ്ടി ഞാൻ യാചിക്കുന്നു.
എന്റെ വിധേയത്വം അങ്ങേയ്ക്കു ഞാൻ പൂർണ്ണമായും സമർപ്പിക്കുന്നു.
ഓ അത്യുന്നതനായ സ്വർഗ്ഗീയ പിതാവേ,
എല്ലാ വസ്തുക്കളുടെയും സൃഷ്ടാവേ,
പ്രപഞ്ചത്തിന്റെ സൃഷ്ടാവേ,
മനുഷ്യവംശത്തിന്റെ സൃഷ്ടാവേ,
അങ്ങാണ് എല്ലാ വസ്തുക്കളുടെയും ഉറവിടം.
അങ്ങാണ് സ്നേഹത്തിന്റെ ഉറവിടം. അങ്ങാണ് സ്നേഹം.
ഞാൻ അങ്ങയെ സ്നേഹിക്കുന്നു.
ഞാൻ അങ്ങയെ ബഹുമാനിക്കുകയും,
എന്നെ പൂർണ്ണമായും അങ്ങേ തിരുമുൻപിൽ സമർപ്പിക്കുകയും ചെയ്യുന്നു.
അങ്ങയെ അറിയാത്തവർക്കുവേണ്ടിയും ബഹുമാനിക്കാത്തവർക്കുവേണ്ടിയും,
അങ്ങയുടെ കരുണയെ നിരസിക്കുന്നവർക്കുവേണ്ടിയും,
ഞാൻ അങ്ങയുടെ കരുണയെ യാചിക്കുന്നു.
അങ്ങയുടെ തിരുക്കരങ്ങളിൽ സ്വീകരിക്കുവാനായി
എന്റെ ആത്മാവിനേയും, ശരീരത്തേയും, മനസ്സിനേയും
അങ്ങേയ്ക്ക് നൽകുന്നു.
ഞങ്ങൾക്കെല്ലാവർക്കുമായി സൃഷ്ടിച്ചിരിക്കുന്ന പറുദീസ്സായിൽ
ഞങ്ങളെല്ലാവരും ഒന്നിക്കുന്നതിനായി
പറുദീസായുടെ വാതിൽ തുറക്കേണമേയെന്ന് ഞങ്ങൾ യാചിക്കുന്നു.
ആമ്മേൻ.

**4. ദൈവ വചനസംരക്ഷണത്തിനായുള്ള പ്രാർത്ഥന.**

ഓ പ്രിയ ഈശോയേ,

ദൈവത്തെ വേദനിപ്പിക്കുന്ന കള്ളത്തരങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ.

പിശാചിൽ നിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ.

അങ്ങയെ കൂടുതൽ സ്നേഹിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

ഞങ്ങളുടെ ഈ യുദ്ധത്തിൽ ഞങ്ങളെ സഹായിക്കേണമേ.

ഞങ്ങളുടെ വിശ്വാസത്തിൽ ഞങ്ങളെ സഹായിക്കേണമേ.

അങ്ങയുടെ സംരക്ഷണ വലയത്തിലേക്ക് ഞങ്ങളെ നയിക്കേണമേ.

അങ്ങയുടെ തിരുഹിതം ധൈര്യപൂർവ്വം സംരക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

അങ്ങയുടെ യഥാർത്ഥ ശിഷ്യരായിരിക്കുവാനുള്ള

ഞങ്ങളുടെ തീരുമാനത്തെ ബലപ്പെടുത്തേണമേ.

ഞങ്ങൾക്ക് ധൈര്യം നൽകിയാലും.

ആത്മവിശ്വാസം നൽകിയാലും.

സത്യത്തിന്റെ പാതയിൽ നയിച്ചാലും.

ശത്രുവിന്റെ ആക്രമണങ്ങളിൽ നിന്നും സംരക്ഷിച്ചാലും.

അങ്ങയുടെ സംരക്ഷണത്തിന്റെ കൃപാനീർച്ചാലുകൾ ഞങ്ങളിലേക്കൊഴുക്കേണമേ.

പ്രലോഭനങ്ങളിൽ വീഴാതെ ഞങ്ങളെ കാത്തുകൊള്ളേണമേ.

അങ്ങയുടെ തിരുഹൃദയത്തിലേയ്ക്ക് ഞങ്ങളെ അടുപ്പിക്കേണമേ.

എല്ലായ്പ്പോഴും അങ്ങയുടെ തിരുഹിത്തോട് വിധേയമുള്ളവരായിരിക്കുവാൻ

ഞങ്ങളെ സഹായിക്കേണമേ.

ആമ്മേൻ.

**5. പിതാവായ ദൈവത്തിന്റെ ശിക്ഷ ലഘൂകരിക്കുന്നതിനുള്ള പ്രാർത്ഥന.**

ഓ അത്യുന്നതനായ ദൈവമേ,
അങ്ങയുടെ മക്കളുടെ പാപങ്ങളുടെമേൽ കരുണയായിരിക്കേണമേ.
ഈ ഭൂമിയെയും മനുഷ്യജീവനേയും ദാനമായിത്തന്നതിന് ഞങ്ങൾ നന്ദി പറയുന്നു.
അങ്ങ് ദാനമായിത്തന്ന ജീവനെ
ഞങ്ങൾ അമൂല്യ നിധിയായി സംരക്ഷിക്കുന്നു.
അങ്ങയുടെ തിരുക്കുമാരനായ ഈശോയെ
ഞങ്ങൾക്ക് സമ്മാനമായിത്തന്നതിന് ഞങ്ങൾ നന്ദിപറയുന്നു.
അങ്ങയുടെ രക്ഷാകരദാനത്തിന് ഞങ്ങൾ നന്ദിപറയുന്നു.
അങ്ങയുടെ ദൈവത്വത്തെ ഞങ്ങൾ വാഴ്ത്തുന്നു.
അങ്ങയുടെ തിരുഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറുന്നതിന്,
ഞങ്ങളെ പൂർണ്ണമായും അങ്ങയുടെ തിരുമുമ്പിൽ സമർപ്പിക്കുന്നു.
ഞങ്ങളുടെ ആത്മസ്ഥിതി ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരുന്നതിന്
ഞങ്ങൾ നന്ദിപറയുന്നു.
നിത്യജീവന്റെ വാഗ്ദാനത്തിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദിപറയുന്നു.
പുതിയ പറുദീസയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.
എല്ലാ ആത്മാക്കളെയും, പ്രത്യേകിച്ച് അങ്ങയെ പീഢിപ്പിക്കുന്നവരെയും,
അങ്ങയെ നഷ്ടമാക്കിയവരെയും രക്ഷിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു.
അങ്ങയുടെ മക്കളുടെ നേരേ അങ്ങ് ചൊരിയുന്ന സ്നേഹത്തിന്
ഞങ്ങൾ അങ്ങേയ്ക്ക് നന്ദിപറയുന്നു.
അങ്ങ് നൽകിയ പ്രവചനവരത്തിൻ ഞങ്ങൾ നന്ദിപറയുന്നു.
അങ്ങ് നൽകിയ പ്രാർത്ഥനാവരത്തിന് ഞങ്ങൾ നന്ദിപറയുന്നു.
ഞങ്ങൾക്ക് സമാധാനവും രക്ഷയും നൽകണമേയെന്ന്
ഞങ്ങൾ പ്രാർത്ഥിക്കുന്നു.
ആമ്മേൻ.

**6. മാരകപാപത്തിൽ ചരിക്കുന്നവരുടെ രക്ഷപ്രാപ്തിക്കായുള്ള പ്രാർത്ഥന.**

ഈശോയേ,

എല്ലാ ആത്മാക്കളേയും നരകാഗ്നിയിൽ നിന്ന് രക്ഷിക്കേണമേ.

കഠിനപാപികളായ ആത്മാക്കളോട് ക്ഷമിക്കേണമേ.

അവരെ അന്ധകാരത്തിൽ നിന്നും രക്ഷിക്കേണമേ.

അവരുടെ നയനങ്ങളും ഹൃദയവും തുറന്ന് സത്യത്തെ കാട്ടിക്കൊടുത്ത്

അവരെ രക്ഷിക്കേണമേ.

അവരുടെ അഹങ്കാരവും അസൂയയും നീക്കി,

അങ്ങയെ ശ്രവിക്കുവാൻ അവരെ സഹായിക്കേണമേ.

ദുഷ്ടനിൽ നിന്നും അവരെ രക്ഷിക്കേണമേ.

സഹായത്തിനായുള്ള അവരുടെ യാചന അങ്ങ് ശ്രവിക്കേണമേ.

അവരുടെ കരങ്ങൾ പിടിച്ച് അങ്ങിലേയ്ക്കടുപ്പിക്കുകയും

സാത്താന്റെ വഞ്ചനയിൽനിന്നും അവരെ രക്ഷിക്കുകയും ചെയ്യേണമേ.

ആമ്മേൻ.